**ദയാപുരം വിദ്യാഭ്യാസ-സാംസ്ക്കാരിക കേന്ദ്രത്തിലെ പൂർവ്വവിദ്യാർത്ഥി-അദ്ധ്യാപക-അനദ്ധ്യാപകർക്ക് ദയാപുരം പാട്രൺ സി.ടി അബ്ദുറഹീം എഴുതുന്ന കത്ത്.**

ദയാപുരം കൂട്ടായ്മയിലെ പ്രിയപ്പെട്ട അംഗങ്ങളേ,
സുഖമായിരിക്കുമെന്ന് വിശ്വസിക്കുന്നു. 34 വർഷംമുമ്പ് ദയാപുരം എന്ന കേന്ദ്രത്തെപ്പറ്റിയുള്ള ആലോചനകളാരംഭിക്കുമ്പോൾ സാമൂഹ്യസമത്വം, അനാഥശാക്തീകരണം, വിദ്യാഭ്യാസപ്രവർത്തനം, മതേതരകൂട്ടുജീവിതം എന്നിവയെപ്പറ്റിയുള്ള ചില സ്വപ്നങ്ങളും സങ്കൽപങ്ങളും, പിന്നെ 'ഭക്ഷണമോ മരുന്നോ വിദ്യാഭ്യാസമോ കിട്ടാതെ കഷ്ടപ്പെടുന്ന ആർക്കും അവരുടെ പ്രദേശമോ മതമോ നോക്കാതെ അഭയസ്ഥാനമായി ദയാപുരം വളരണം' എന്ന ശൈഖ് അൻസാരിയുടെ പ്രാർത്ഥനാവാചകവും മാത്രമേ നമുക്ക് സ്വന്തമായുണ്ടായിരുന്നുള്ളൂ. ഇന്ന് ഒരുപാട് സുമനസ്സുകളുടെ ആത്മാർത്ഥവും നിശ്ശബ്ദവും നിസ്വാർത്ഥവുമായ പ്രവർത്തനത്തിലൂടെ നമ്മുടെ കാമ്പസ് വലിയൊരു ദർശനത്തിന്റെ ചെറിയൊരു കേന്ദ്രമായി മാറിയിരിക്കുന്നു.

ദയാപുരം ഒരു മനോഭാവമാണ്; പ്രവർത്തനരീതിയാണ്; ക്രിയാത്മകമായ സാമൂഹ്യജീവിതത്തിന് വഴി നിർദ്ദേശിക്കേണ്ട ഒരാശയമാണ് എങ്കിൽ ഈ കേന്ദ്രം നിലനിൽക്കേണ്ടത് ആദ്യം ദയാപുരത്തുകാരുടെ ഉണർവ്വുള്ള മനസ്സിലാണ്. ദയാപുരത്തുകാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇവിടെ പഠിച്ചവരും പഠിക്കുന്നവരും, പഠിപ്പിക്കുന്നവരും ജോലി ചെയ്യുന്നവരും ചെയ്തിരുന്നവരും സഹായിച്ചവരും സഹായിക്കുന്നവരുമായ എല്ലാ അദ്ധ്യാപകഅനദ്ധ്യാപകവിദ്യാർത്ഥിരക്ഷാകർത്തൃവിഭാഗങ്ങളും വിവിധ മാനേജിംഗ് കമ്മറ്റി അംഗങ്ങളും സന്നദ്ധസേവകരുമടങ്ങിയ കൂട്ടായ്മയെയാണ്. ഈ ആളുകളിലാണ് ദയാപുരം നിലനിൽക്കുന്നത് എന്ന് ഞാൻ വിചാരിക്കുന്നു. അവരോട് ചില കാര്യങ്ങൾ പറയാനാണീ കുറിപ്പ്.

ദയാപുരം അടിസ്ഥാനപരമായി ചില മൂല്യങ്ങളാണ് എന്ന് നാം ആവർത്തിച്ച് പറയാറുണ്ട്. അതുകൊണ്ടുതന്നെ ഒരാൾ ദയാപുരത്തുകാരനാവുന്നതും അല്ലാതാവുന്നതും സാന്നിധ്യംകൊണ്ടോ അധികാരംകൊണ്ടോ സമയംകൊണ്ടോ ആവശ്യംകൊണ്ടോ അല്ല; മനസ്സുകൊണ്ടാണ്. ലോകത്തിന്റെ ഏത് ഭാഗത്തിരുന്നാവട്ടെ, പാവപ്പെട്ടവരും അഗതികളുമായ ആളുകൾക്കുവേണ്ടി വേദനിക്കുകയും അവർക്കുവേണ്ടി കഴിയുന്നത് ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ നിങ്ങൾ ദയാപുരത്തുകാരാണെന്ന് ഞാൻ പറയും. ദയാപുരത്തുതന്നെ ഇരുന്ന് പീഡിതരെയും ചൂഷിതരെയും തള്ളിക്കളയുന്ന, മതത്തിന്റേയോ ജാതിയുടേയോ വർണ്ണത്തിന്റേയോ ലിംഗത്തിന്റേയോ പേരിൽ ആളുകളോട് വെറുപ്പ് സൂക്ഷിക്കുന്ന കാരുണ്യമില്ലാത്ത മനസ്സിന്റെ ഉടമകൾ ദയാപുത്തുകാരല്ലതാനും. ആ അർത്ഥത്തിൽ പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വഅദ്ധ്യാപകർ തുടങ്ങിയ പ്രയോഗങ്ങൾ നമ്മുടെ കാര്യത്തിൽ സാങ്കേതികതകൾ മാത്രമാണ്. ആ കാഴ്ചപ്പാടോടെയാണ് ഈ കത്തെഴുതുന്നത്. എന്റെ പ്രായവും ആരോഗ്യവും നമ്മുടെ ചരിത്രസാഹചര്യവും അതാവശ്യപ്പെടുന്നു എന്ന് തോന്നുന്നു.

ദയാപുരത്തിന്റെ വഴി നിശ്ചയിച്ചതിൽ, സ്ഥാപനത്തിന്റെ വളർച്ച സാധ്യമാക്കിയതിൽ, ഈ കൂട്ടായ്മയുടെ ഹൃദ്യത ഒരുക്കിയെടുത്തതിൽ മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ ഒരുപാട് പേരുടെ മനസ്സും അധ്വാനവും പ്രാർത്ഥനയുമുണ്ട്. ഇവിടത്തെ വിദ്യാഭ്യാസനിലവാരത്തിനും സാംസ്ക്കാരികാന്തരീക്ഷത്തിനും നിങ്ങളോരോരുത്തരും സ്വന്തമായ സംഭാവനകളർപ്പിച്ചിട്ടുണ്ട്. ആ പാരമ്പര്യത്തിന് എല്ലാ ദയാപുരത്തുകാരും അവകാശികളും ചുമതലപ്പെട്ടവരുമാണ്. ഈ കൂട്ടായ്മയെ സജീവമാക്കുന്നതുതന്നെ ഈ പങ്കുവെയ്പാണ്. സ്ഥാപനത്തെ അതിന്റെ ഉയരങ്ങളിലേക്കും ആഴങ്ങളിലേക്കുമുള്ള വികാസത്തിൽ സഹായിക്കാനും സ്ഥാപകമൂല്യങ്ങളിൽനിന്ന് അകലാതെ സംരക്ഷിച്ചുപോരാനും ദയാപുരത്തിന്റെ ദർശനത്തിനും ദൗത്യത്തിനും ഏതെങ്കിലും തരത്തിലുള്ള ദോഷം വരാൻ പോകുന്നതായി കണ്ടാൽ അതിനെതിരെ തിരുത്തൽ ശക്തിയായി നിലകൊള്ളാനും കാവലായി ഉണ്ടാവേണ്ടത് ഓരോ ദയാപുരത്തുകാരനുമാണ്. ഈ സമൂഹത്തോടും ഈ മണ്ണിനോടുമുള്ള ഉത്തരവാദിത്തമായി അവർ ഈ ബാധ്യതയെ കാണണം എന്നാണ് എന്റെ അഭ്യർത്ഥന.

മുന്നോട്ടുള്ള വഴി.

മൂന്ന് തലത്തിൽ ദയാപുരത്തുകാർ പ്രവർത്തിക്കണം എന്ന് എനിക്ക് തോന്നുന്നു: കേന്ദ്രത്തിന്റെ വളർച്ചക്കായി; കൂട്ടായ്മയുടെ നിലനിൽപിനായി; സമൂഹത്തിന്റെ നന്മക്കായി.

1. ദയാപുരം കേന്ദ്രത്തിന്റെ വളർച്ച:
ലോകത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ദയാപുരത്തുകാർക്ക് സ്ഥാപനത്തിന്റെ നടത്തിപ്പിൽ ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സഹായം അക്കാദമികതലത്തിലുള്ള വൈദഗ്ധ്യം മെച്ചപ്പെടുത്താനുള്ള സഹകരണമാണ്. നിങ്ങളുടെ പഠനം, ജോലി എന്നിവയുമായി ബന്ധപ്പെട്ട് കൈവന്ന അറിവും അനുഭവവും ദയാപുരത്ത് ഇപ്പോൾ പഠിക്കുന്ന കുട്ടികളുമായും അദ്ധ്യാപകരുമായും പങ്കുവെയ്ക്കുക. കാര്യക്ഷമമായ ഡിജിറ്റൽ ടെക്നോളജിയുടെ ഇക്കാലത്ത് ഓൺലൈനിലൂടെയും സാധിക്കുന്നവർക്ക് നേരിട്ടും ഈ പങ്കാളിത്തം ആകാം. ദയാപുരത്തെ സ്ഥാപനങ്ങളും സാംസ്ക്കാരിക വേദികളും ഇത്തരം പരിപാടികൾ 'കോ-ഓർഡിനേറ്റ്' ചെയ്യാനായി ഒരാൾക്ക് ചുമതല കൊടുക്കണമെന്ന നിർദ്ദേശം ഉയർന്നിട്ടുണ്ട്. അതനുസരിച്ച് ഇത്തരം സാധ്യതകളും മാനുവലും ജൂൺ മാസത്തോടെ തയ്യാറാകും എന്നാണ് പ്രതീക്ഷ. അതിൽ നിങ്ങളെല്ലാവരും കഴിയുംവിധം സഹകരിക്കണം.

ഇതുപോലെത്തന്നെ പ്രധാനമാണ് നിങ്ങളറിയുന്ന, നിങ്ങളെ അറിയുന്ന സുമനസ്സുകൾക്ക് ദയാപുരത്തെ പരിചയപ്പെടുത്തൽ. ദയാപുരത്തിന്റെ വളർച്ച ഒരാശയത്തിന്റെ വളർച്ചയാണ് എന്നതുകൊണ്ടുതന്നെ ഇത്തരം പരിചയപ്പെടുത്തലുകൾക്ക് വലിയ വിലയുണ്ട്. വിജ്ഞാനംകൊണ്ടോ പരിചിത വലയംകൊണ്ടോ സാന്നിധ്യംകൊണ്ടോ പ്രാർത്ഥനകൊണ്ടോ സാമ്പത്തികസ്രോതസ്സുകൾകൊണ്ടോയാതൊരു സൗകര്യവും പരിഗണനയും പ്രതീക്ഷിക്കാതെസഹകരിക്കാൻ അവരിൽ ചിലർ തയ്യാറായേക്കാം. ഇല്ലെങ്കിൽതന്നെ ഈ ആലോചനകൾ ആകാവുന്നിടത്തോളം വ്യാപകമാവട്ടെ. ഈ ദൗത്യത്തിൽ നിങ്ങളെ സഹായിക്കാൻ ആവശ്യമായ

ബ്രോഷറും വീഡിയോകളും ന്യൂസ് ലെറ്ററും തയ്യാറാക്കുന്ന പണി തുടങ്ങിക്കഴിഞ്ഞു. അതും ജൂൺമാസത്തോടെ ആവശ്യക്കാരുടെ കയ്യിലെത്തിക്കാനുള്ള ശ്രമം നടക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്.

2. കൂട്ടായ്മയുടെ നിലനിൽപ്പ്:

ഏത് കൂട്ടായ്മയും നിലനിൽക്കുന്നത് ദൗത്യബോധത്തിന്റെയും വൈകാരികമായ അടുപ്പത്തിന്റെയും രണ്ട് തലത്തിലാണ്. ദൗത്യബോധമുറപ്പിക്കാൻ ഓരോ നഗരത്തിലും ദയാപുരം കൂട്ടായ്മയുടെ യോഗങ്ങൾ സംഘടിപ്പിച്ച് സ്ഥാപനത്തിന്റെ മൂല്യങ്ങളെയും പ്രവർത്തനരീതിയെയും വിശദമായി ഓരോ അംഗത്തിനും പരിചയപ്പെടുത്തുന്ന സംവിധാനം തുടങ്ങാവുന്നതാണ്. അതുപോലെത്തന്നെ ദയാപുരത്തുകാർ വിദ്യാഭ്യാസത്തിനോ മരുന്നിനോ ബുദ്ധിമുട്ടുകയോ ഒരപരിചിത നഗരത്തിലെത്തിയാൽ നിസ്സഹായാവസ്ഥ തോന്നുകയോ ഉപരിപഠനകേന്ദ്രത്തിലെത്തിയാൽ വഴിയറിയാതെ വിഷമിക്കുകയോ സഹായത്തിനാരുമില്ലെന്ന് പേടിക്കേണ്ടിവരികയോ ചെയ്യരുത്. ഇതിനായി പ്രത്യേകം വിദ്യാഭ്യാസ നിധിയോ ചികിത്സാനിധിയോ നന്നായി പ്ലാൻ ചെയ്ത് തുടങ്ങാവുന്നതും Mentoring cells ഓരോ സ്ഥലത്തും ആരംഭിക്കാവുന്നതുമാണ്.

3. സമൂഹത്തിന്റെ നന്മ:

ഓരോയിടത്തെയും ദയാപുരം കൂട്ടായ്മകൾ അതാതിടത്തെ ഏതെങ്കിലും ചെറുതോ വലുതോ ആയ സാമൂഹ്യപ്രശ്നത്തെ ഏറ്റെടുത്ത് പോസിറ്റീവ് ആയി എന്തെങ്കിലും ചെയ്യുന്നത് നന്നായിരിക്കും. (ഫലപ്രദമാവാൻ തുടക്കത്തിൽ വളരെ ചെറിയ 'ടാസ്ക്' ആയിരിക്കും നല്ലത്). വൻനഗരങ്ങളിൽ അത് ചേരിനിവാസികൾക്ക് വേണ്ടിയാവാം, നാട്ടിൽ പരിസ്ഥിതിക്കുവേണ്ടിയാവാം, പടിഞ്ഞാറൻദേശങ്ങളിൽ ആഫ്രിക്കൻഅമേരിക്കക്കാർക്കോ കഷ്ടപ്പെടുന്ന കുടിയേറ്റക്കാർക്കോ വേണ്ടിയാവാം, അറബ് നാടുകളിൽ ലേബർ ക്യാമ്പിൽ കഴിയുന്നവർക്ക് വേണ്ടിയാവാം.

പാവപ്പെട്ടവരുടെ അവകാശങ്ങളെക്കുറിച്ചും മതജാതി സമുദായങ്ങളും രാഷ്ട്രീയ പാർട്ടികളുംതമ്മിൽ നിലനിൽക്കേണ്ട സൗഹൃദാന്തരീക്ഷത്തെക്കുറിച്ചും എഴുതുകയും പറയുകയും ചെയ്തുകൊണ്ടിരിക്കേണ്ടത് ഇതുപോലെത്തന്നെ അത്യാവശ്യമാണ്. സാമൂഹ്യമാധ്യമങ്ങളിലൂടെയും ബഹുജനമാധ്യമങ്ങളിലൂടെയും ജാഗ്രത പുലർത്തുന്ന ആത്മവിശ്വാസമുള്ള ഒരു ചെറിയ കൂട്ടായ്മ ഇവിടെയുണ്ടെന്ന് പറഞ്ഞുകൊണ്ടിരിക്കേണ്ടത് പരസ്പര സംശയവും ഭീതിയും വെറുപ്പും സാമ്പത്തികസ്വാർത്ഥതയും പടർത്താൻ ശ്രമിക്കുന്ന ഈ കാലത്തിന്റെ ആവശ്യകതയാണ്.

ഇപ്പറഞ്ഞതൊക്കെ ആശയങ്ങളാണ്. ഇവയ്ക്ക് പ്രവർത്തനരൂപം ഉണ്ടാക്കി നടപ്പിലാക്കി എടുക്കേണ്ടതുണ്ട്. അകലെയുള്ളവരോടെന്നപോലെ ഇക്കാര്യങ്ങൾ ഇന്ന് ദയാപുരത്തെ സംവിധാനത്തെ നടത്തിക്കൊണ്ടുപോവുന്ന യുവനിരയോടും ഞാൻ പങ്കുവെക്കുന്നുണ്ട്. അവർ നിങ്ങളെ ബന്ധപ്പെടുമ്പോൾ കൂടെ നിൽക്കണമെന്നാണ് അപേക്ഷ. ഈ പ്രവർത്തനങ്ങളുടെ നിയമസാധുതയെപ്പറ്റി ചർച്ച ചെയ്ത് ചില തീരുമാനങ്ങളെടുക്കുന്നതിനും നിങ്ങളുടെ പങ്കാളിത്തം വേണം. അതിന് ശേഷമേ കാര്യങ്ങൾ ചെയ്ത് തുടങ്ങാനാവൂ എന്ന് മനസ്സിലാക്കുന്നു.

ഓർമ്മിക്കേണ്ടത്:

അവസാനമായി ചില കാര്യങ്ങൾകൂടി പറഞ്ഞുവെക്കേണ്ടതുണ്ടെന്ന് തോന്നുന്നു:

1. ജീവിതത്തിന്റെ ചില ഘട്ടങ്ങളെ അഭിമുഖീകരിക്കാനും അത്തരം മേഖലകളിലെത്താനും പരിശീലനമോ അനുഭവമോ നൽകുന്ന ഒരു വേദി എന്നതിനപ്പുറം ദയാപുരത്തുനിന്ന് എന്തെങ്കിലും കിട്ടുമെന്നോ വേണമെന്നോ ഒരിക്കലും വിചാരിക്കരുത്പേരോ, പണമോ, സൗകര്യങ്ങളോ ഒന്നും. ദയാപുരത്തുനിന്ന് എന്ത് കിട്ടുമെന്നല്ല, ദയാപുരത്തിലൂടെ സമൂഹത്തിന് എന്ത് കൊടുക്കാൻ പറ്റുമെന്ന ഉദ്ദേശത്തോടെയാവണം എന്തിലും പങ്കെടുക്കുന്നത്.

2. ദയാപുരത്തിന് അടിസ്ഥാനപരമായി രണ്ട് മൂല്യ സ്രോതസ്സുകളാണുള്ളത്: മാനവികത, ഇന്ത്യ എന്ന രാഷ്ട്രീയ സാമൂഹ്യാദർശവും ഇസ്‌ലാമെന്ന ആത്മീയ ധാർമ്മികസഞ്ചയവും. ഇവ ഒരിക്കലും വിരുദ്ധമല്ല; പരസ്പര പൂരകമാണ്. അതുകൊണ്ടാണ് ദയാപുരം നടത്തുന്ന ട്രസ്റ്റിന്റെ പേര് അൽ ഇസ്‌ലാം ചാരിറ്റബിൾ ട്രസ്റ്റ് എന്നായതും ദയാപുരത്തിന്റെ സമാരംഭം ആഗസ്റ്റ് പതിനഞ്ചിനായതും. എന്നുവെച്ച് ഭൂമിശാസ്ത്രപരമോ സാമുദായികമോ ആയ സങ്കുചിതത്വം നമുക്കൊരിക്കലും ഉണ്ടാവരുത്. ആഗോളീയവും ധാർമ്മികവുമായ ഒരു കാഴ്ചപ്പാട് നമുക്കെന്നും ഉണ്ടാവണം.

3. ദയാപുരം ഒന്നിനും എതിരായല്ല, ചിലതിനുവേണ്ടിയാണ് സ്ഥാപിച്ചിരിക്കുന്നതും ഇന്നുവരെ ജീവിച്ചുപോന്നതും. സ്വന്തം മൂല്യങ്ങൾ ആത്മാർത്ഥമായും ഫലവത്തായും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അതിനുവേണ്ടി പ്രവർത്തിക്കുമ്പോൾ ചിലതിന് നാം എതിരായി നിൽക്കേണ്ടി വന്നേക്കാം. വിദ്യാഭ്യാസ രംഗത്ത് വന്ന കമ്പോളവൽക്കരണം, സാമൂഹികമായ വർഗ്ഗീയവൽക്കരണം, ഏത് മതത്തിൽനിന്നുമുള്ള മതരാഷ്ട്രവാദം, നശീകരണാത്മകത, സ്ത്രീകളും കീഴാളവിഭാഗങ്ങളും നേരിടുന്ന സാംസ്കാരിക അനീതി എന്നിവക്കെതിരായി തുടക്കംമുതൽ എടുത്ത നിലപാടുകൾ ഇങ്ങനെ ഉണ്ടായതാണ്. അതിനാൽതന്നെ അവയെ മുറുകെപിടിച്ചുകൊണ്ടുതന്നെവേണം ദയാപുരം കൂട്ടായ്മ മുന്നോട്ട് പോവാൻ.

4. രാഷ്ട്രീയവും സാമുദായികവുമായ സംഘടനകളാൽ പലതായി വിഭജിക്കപ്പെട്ട നമ്മുടെ നാട്ടിൽ ഏതെങ്കിലും പാർട്ടിയുടെയോ സംഘടനയുടേയോ പ്രത്യേക തണലിലല്ലാതെയാണ് ദയാപുരം വളർന്നത്. പാർട്ടിയുടെയോ സംഘടനയുടെയോ താൽപര്യങ്ങൾ നടപ്പാക്കാൻ ആരും ഒരു ദയാപുരംവേദിയും ഉപയോഗിക്കരുത്.

5. ദയാപുരം ഒരു പരീക്ഷണമാണ്നിസ്സാരന്മാരായ ചിലരുടെ ശ്രമം. അതുകൊണ്ടുതന്നെ ഈ കൂട്ടായ്മയിൽ മനുഷ്യസഹജമായ അബദ്ധങ്ങൾ സംഭവിച്ചെന്നുവരാം. പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയെ തിരുത്തി മുന്നോട്ടുപോവുന്നതിന് എന്നും എല്ലാവരും പൂർണ്ണമായും സന്നദ്ധരായിരിക്കേണ്ടതാണ്. പരസ്പരവിശ്വാസത്തിലും ബഹുമാനത്തിലും മാത്രമേ ഏത് കൂട്ടായ്മയും നിലനിൽക്കൂ.

6. നീതി (justice), സുതാര്യത (transparency), ഉത്തരവാദിത്തബോധം (accountability), ജോലിയിലുള്ള കണിശത (work ethic), ഗുണപരതക്കുവേണ്ടിയുള്ള തുടർച്ചയായ ശ്രമം (pursuit of excellence) എന്നിവ ഒഴിവാക്കാൻ കഴിയാത്തതാണ്. ഭീതിയോ പക്ഷപാതമോ കൂടാതെ ജോലി ചെയ്യാൻ കഴിയുന്ന അന്തരീക്ഷം ദയാപുരത്തിന് പരമപ്രധാനമാണ്.

ഇപ്പറയുന്നതെല്ലാം ദയാപുരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശ്രദ്ധിക്കേണ്ടവയാണ്. ദയാപുരം വാർത്തെടുക്കാൻ ശ്രമിക്കുന്നത്, മരുന്ന് കുറിക്കുമ്പോൾ മരുന്ന് കമ്പനിക്കാരോട് വിധേയത്വമില്ലാത്ത ഡോക്ടർമാരെയും, കോൺട്രാക്ടറെ അനുസരിക്കേണ്ടതില്ലാത്ത എഞ്ചിനീയർമാരെ യും കാശുള്ളവനെ പേടിക്കാത്ത ഉദ്യോഗസ്ഥരെയും അഗതിയോടും അപമാനിക്കപ്പെ ടുന്നവരോടും കരുണയുള്ളവരെയുമാണ്. അതുകൊണ്ടുതന്നെ, നാം ദയാപുരത്തുകാർ സൂക്ഷ്മതയും ദയയും എന്തിലും പരമപ്രധാനമായിത്തന്നെ കാണണം.

കത്ത് നീണ്ടുപോയോ എന്നറിയില്ല. നിങ്ങളിലൂടെ ദയാപുരത്തിനും ദയാപുരത്തിലൂടെ നമുക്കെല്ലാവർക്കും വളർച്ചയും തെളിച്ചവുമുണ്ടാവട്ടെ എന്ന് സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു.

അഗാധമായ കൃതജ്ഞതയോടെ, അവാച്യമായ സ്നേഹസന്തോഷങ്ങളോടെ എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് അവസാനിപ്പിക്കട്ടെ.

സ്വന്തം സി.ടി അബ്ദുറഹീം
ദയാപുരം